3186
22/2/21

# GOVERNMENT OF KERALA

## Abstract

Electronics & Information Technology Department - Resurgent measures to tide over economic crisis faced by IT/ITeS companies/non IT shops and establishments due to the outbreak of COVID-19 pandemic - Additional incentives granted - Orders issued.

---

ELECTRONICS & INFORMATION TECHNOLOGY (A) DEPARTMENT

G.O.(Ms)No.12/2021/ITD Dated, Thiruvananthapuram 18/02/2021

---

Read 1. G.O.(Rt) No.51/2020/ITD dated 27.04.2020.
2. Letters No.ETPK:CD/GOV-FIN/2020/680 dated 17.08.2020 and ETPK:CD/GOV-FIN/2020/694 dated 20.08.2020 from the Chief Executive Officer, Government IT Parks.

## ORDER

As per Government Order read above urgent resurgent measures were granted to IT/ITeS companies/establishments in Government IT Parks to tide over economic crisis faced by them due to the outbreak of COVID-19 pandemic.

2. Subsequent to this, requests were received from companies holding more than 10,000 Sq.ft operating from the buildings owned by Government IT Parks, for Government support to tide over the financial crisis. IT Parks had conducted a survey of the IT/ITeS companies operating from the IT Parks, to assess the impact of Covid-19 in their business. On the basis of the requests from the IT/ ITeS companies, a discussion was held with the representatives of the companies by Government and it was assured that necessary relief measures will be granted. Requests were also received from non IT vendors for financial relief due to the heavy monetary loss incurred by them due to COVID-19 pandemic situation.

3. On account of this, the Chief Executive Officer, Government IT Parks submitted relief proposal as per letters read 2nd paper above after analysing the loss of revenue to be incurred by Government IT Parks due to financial measures taken.

4. Government have examined the matter in detail and are pleased to order as follows:

i. The resurgent measures issued as per Government Order read as 1st paper above is hereby ratified.

ii. For all IT/ITeS companies operating from Government owned buildings in Government IT Parks and occupying upto 25,000 sq ft space, the rent for the months of April, May and June 2020 shall be waived upto 10,000 sq.ft space. Moratorium ordered as per Government Order read as 1st paper above will be applicable for the rent, for the balance space. The rent already paid if any, will be allowed to be adjusted against subsequent months from July onwards.

iii. The rent shall be waived for the months from July to December, 2020, to non IT shops and establishment operating from Government owned buildings in Government IT Parks occupying space upto 10,000 sq.ft.

iv. The financial liabilities due to the resurgent measures shall be adjusted from the fund of Technopark.

(BY ORDER OF THE GOVERNOR)
K MOHAMMED Y SAFIRULLA IAS
ADDITIONAL SECRETARY

To

The Chief Executive Officer, IT Parks, Kerala.
The Registrar, Government IT Parks, Kerala.
The Accountant General (A&E/Audit), Kerala, Thiruvananthapuram.
Finance Department (Vide U.O Note No. PU-D3/4497170/2020-FIN dated 11/02/2021).
General Administration (SC) Department (Vide item No........ dated 17.02.2021)
Web & New Media, I&PRD (for publishing in Government website)
Stock File/Office Copy.

Forwarded /By Order

Section Officer

81

രഹസ്യം

# കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 17-02-2021

ഫയൽ നം. ഐ.ടി.-എ1/45/2020/ഇ&ഐടിഡി. ഇനം നം: 4746

വിഷയം : ഇലക്ട്രോണിക്സ് & ഐ.ടി. വകുപ്പ് - കോവിഡ്-19 മൂലം സാമ്പത്തിക പ്രതിസന്ധിയിലായ സർക്കാർ വക ഐ.ടി. പാർക്കുകളുടെ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന കമ്പനികൾ/സ്ഥാപനങ്ങൾക്ക് ഇളവുകൾ നല്കുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി
(ശരിപ്പകർപ്പ്)

ഡോ. വിശ്വാസ് മേത്ത
ചീഫ് സെക്രട്ടറി

സെക്രട്ടറി, ഇലക്ട്രോണിക്സ് & ഐ.ടി. വകുപ്പ്.

4746

73

# കേരള സർക്കാർ

(ശ്രീ. പിണറായി വിജയൻ മന്ത്രിസഭ)

## മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്

| | | | |
|---|---|---|---|
| 1 | ഫയൽ നമ്പർ | : | നം.ഐ.ടി.-എ 1/45/2020/ഇ&ഐടിഡി |
| 2 | വകുപ്പ് | : | ഇ&ഐ.ടി (എ) വകുപ്പ് |
| 3 | വിഷയം | : | കോവിഡ്-19 മൂലം സാമ്പത്തിക പ്രതിസന്ധിയിലായ സർക്കാർ വക ഐ.ടി പാർക്കുകളുടെ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന കമ്പനികൾ/സ്ഥാപനങ്ങൾ ഇളവുകൾ നല്കുന്നത് - സംബന്ധിച്ച്. |
| 4 | മന്ത്രിസഭാ യോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | : | 20/06/2020 |
| 5 (i) | ഇത് സാമ്പത്തിക ബാധ്യതയുള്ളതാണോ ? | | അതേ |
| (ii) | സാമ്പത്തിക ബാദ്ധ്യതയുള്ളതാണെങ്കിൽ ധനകാര്യ വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ ? | : | ഉണ്ട് |
| 6 | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ ? | : | ഇല്ല |
| 7 | കുറിപ്പ് സമർപ്പിച്ച അഡീഷണൽ സെക്രട്ടറിയുടെ പേര് | | ശ്രീ.വിനോദ്.ജി |
| 8 | കുറിപ്പ് അംഗീകരിച്ച സെക്രട്ടറിയുടെ പേര് | : | ശ്രീ.കെ.മുഹമ്മദ് വൈ സഫിറുള്ള |
| 9 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 13-02-2021 |
| 10 | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | : | ഡോ.വിശ്വാസ് മേത്ത |
| 11 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 14-02-2021 |
| 12 | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | : | ശ്രീ.പിണറായി വിജയൻ |
| 13 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മുഖ്യ മന്ത്രി അംഗീകരിച്ച തീയതി | | 16-02-2021 |
| 14 | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | : | 16-02-2021 |
| 15 | മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | : | |
| 16 | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ് / കത്തിന്റെ നമ്പരും തീയതിയും | : | |

# മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

74 കോവിഡ്-19 മഹാമാരി മൂലം സാമ്പത്തിക പ്രതിസന്ധിയിലായ സംസ്ഥാനത്തെ സർക്കാർ ഐ.ടി പാർക്കുകളിൽ പ്രവർത്തിക്കുന്ന ഐ.ടി/ഐ.ടി ഇതര കമ്പനികളെയും ഐ.ടി ഇതര സ്ഥാപനങ്ങളെയും ഷോപ്പുകളെയും പുനരുജ്ജീവിപ്പിക്കുന്നതിനായി 27/04/2020-ലെ സ.ഉ(സാധാ)നം.51/2020/വി.സ.വ പ്രകാരം സർക്കാർ ഇതിനകം സ്വീകരിച്ച നടപടികൾ സാധൂകരിക്കുന്നത് സംബന്ധിച്ചും (ii) കമ്പനികളെയും ഐ.ടി ഇതര സ്ഥാപനങ്ങളെയും സഹായിക്കുന്നതിനായി തുടർന്ന് നല്കേണ്ടുന്ന സാമ്പത്തിക ആശ്വാസം, എന്നിവയുമായി ബന്ധപ്പെട്ടതാണ് ഈ കുറിപ്പ്.

75 കോവിഡ്-19 മഹാമാരി ലോക സമ്പദ് വ്യവസ്ഥയെയും, സാമ്പത്തിക വിപണിയെയും പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. പല പുതിയ പദ്ധതികളും / നിക്ഷേപങ്ങളും നിർത്തിവയ്ക്കേണ്ടി വന്നതു മൂലം ഐ.ടി മേഖലയേയും ഇതു സാരമായി ബാധിച്ചിട്ടുണ്ട്. ഐ.ടി പാർക്കുകളിലെ കമ്പനികളിൽ 1.1 ലക്ഷത്തിലധികം ആളുകൾ നേരിട്ടും 3 ലക്ഷത്തിലധികം ആളുകൾ പരോക്ഷമായും ജോലി ചെയ്യുന്നതിനാൽ ഐ.ടി കമ്പനികൾക്ക് ഈ കാലഘട്ടത്തെ അതിജീവിക്കാൻ സർക്കാരിന്റെ പിന്തുണ അത്യന്താപേക്ഷിതമാണെന്ന് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ അറിയിക്കുകയുണ്ടായി. ഐ.ടി പാർക്ക്സ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ സമർപ്പിച്ച നിർദ്ദേശങ്ങൾ പരിശോധിച്ച് ബഹു.മുഖ്യമന്ത്രിയുടെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ സർക്കാർ ഐ.ടി പാർക്കുകളുടെ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങളിൽ നിന്ന് പ്രവർത്തിക്കുന്ന ഐ.ടി/ഐ.ടി.ഇ.എസ് കമ്പനികൾ/ ഇൻകുബേറ്ററുകൾ / ഐ.ടി ഇതര സ്ഥാപനങ്ങൾ എന്നിവ നേരിടുന്ന സാമ്പത്തിക പ്രതിസന്ധി മറികടക്കുന്നതിനായി സ്വീകരിക്കേണ്ട നടപടിയുടെ ഭാഗമായി 27/04/2020-ലെ സ.ഉ(സാധാ)നം.51/2020/വി.സ.വ പ്രകാരം താഴെപ്പറയുന്ന പുനരുജ്ജീവന നടപടികൾക്ക് ഉത്തരവായിരുന്നു.

76 i. 10,000 ച.അടി ഐ.ടി സ്ഥലം വാടകയ്ക്ക് എടുത്തിട്ടുള്ള എല്ലാ ഐ.ടി/ഐ.ടി.ഇ.എസ് കമ്പനികൾക്കും 2020 ഏപ്രിൽ, മെയ്, ജൂൺ മാസക്കാലയളവിലെ വാടക എഴുതി തള്ളി.

ii. വിസ്തീർണ്ണം പരിഗണിക്കാതെ തന്നെ, ഐ.ടി പാർക്കുകളിൽ നിന്ന് പ്രവർത്തിക്കുന്ന ഇൻകുബേഷൻ സെന്ററുകൾക്കായി 2020 ഏപ്രിൽ, മെയ്, ജൂൺ മാസങ്ങളിലെ വാടക എഴുതി തള്ളി.

iii. 10,000 ച.അടിയിൽ കൂടുതൽ ഐ.ടി സ്ഥലത്ത് പ്രവർത്തിക്കുന്ന ഐ.ടി/ഐ.ടി ഇതര കമ്പനികൾക്ക് മൂന്നു മാസത്തേയ്ക്ക് വാടക ഇനത്തിൽ മൊറട്ടോറിയം (അതായത്, 2020 ഏപ്രിൽ, മെയ്, ജൂൺ മാസങ്ങളിലെ വാടക യഥാക്രമം 2020 ജൂലൈ, ഓഗസ്റ്റ്, സെപ്റ്റംബർ മാസങ്ങൾക്ക് അകം പിഴ/ സർചാർജ്ജ് എന്നിവ കൂടാതെ നല്കാം).

iv. സർക്കാർ കെട്ടിടങ്ങളിൽ നിന്ന് പ്രവർത്തിക്കുന്ന സർക്കാർ ഐ.ടി പാർക്കുകളിലെ എല്ലാ ഇതര ഷോപ്പുകൾക്കും സ്ഥാപനങ്ങൾക്കും (റെസ്റ്റോറന്റുകൾ) ഉൾപ്പെടെ ഉള്ളവയ്ക്ക് 2020 ഏപ്രിൽ, മെയ്, ജൂൺ എന്നിങ്ങനെ മൂന്ന് മാസത്തേയ്ക്കുള്ള വാടക എഴുതി തള്ളി.

v. ഐ.ടി പാർക്കുകളിലെ സർക്കാർ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങളിലെ ഐ.ടി / നോൺ ഐ.ടി ഓഫീസ് സ്പേസുകൾ / ഷോപ്പുകൾ / സ്ഥാപനങ്ങളിലേയ്ക്കുള്ള 5% വാർഷിക വാടക വർദ്ധനവ് 2020-21 സാമ്പത്തിക വർഷത്തിൽ നടപ്പിലാക്കില്ല. അതായത് 2019-20 സാമ്പത്തിക വർഷത്തിലെ അതേ നിരക്ക് തന്നെയായിരിക്കും 2020-21 വരെയും പിടിക്കുക.

vi. എല്ലാ വിഭാഗങ്ങൾക്കുമുള്ള വാടക ഇനത്തിലുള്ള സർചാർജ്ജ് 2020 ഏപ്രിൽ മുതൽ സെപ്റ്റംബർ വരെ ആറുമാസത്തേയ്ക്ക് എഴുതി തള്ളി.

vii. ഒരു പ്രത്യേക പദ്ധതിയെന്ന നിലയിൽ ഏതെങ്കിലും സർക്കാർ ഐ.ടി പാർക്കുകളിൽ 2021 മാർച്ച് 31-നോ അതിനു മുമ്പോ പ്രവർത്തനം ആരംഭിക്കുന്ന ഐ.ടി/ഐ.ടി ഇതര കമ്പനികൾക്ക് പ്രവർത്തനം ആരംഭിക്കുന്ന ആദ്യ മൂന്നു മാസത്തേയ്ക്ക് വാടക ഇനത്തിൽ ഇളവ് അനുവദിച്ചു.

viii. ലോക്ക് ഡൗൺ കാലയളവിൽ ഐ.ടി പാർക്കുകളിലെ കമ്പനികൾ പ്രവർത്തിക്കാത്തതുമൂലം വൈദ്യുതി ഉപഭോഗത്തിൽ ഗണ്യമായ കുറവു വന്നതിനാൽ, വൈദ്യുതി ബിൽ കുറയുന്നതിന്റെ ഗുണം അന്തിമ ഉപഭോക്താവിനു തന്നെ നൽകുന്നതായിരിക്കും. 2020 ഏപ്രിൽ, മെയ്, ജൂൺ മാസങ്ങളിൽ വൈദ്യുതി താരിഫിന് സബ്സിഡി നൽകുന്നതിനും, വൈദ്യുതി ചാർജ്ജ് പുനർനിർണ്ണയിക്കുന്നതും പരിശോധിക്കാൻ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ ഐ.ടി പാർക്കുകളെ ചുമതലപ്പെടുത്തുകയും, ആയതിലൂടെ ഐ.ടി പാർക്കുകളിലെ ഓരോ കമ്പനിയും സ്ഥാപനവും ഉപയോഗിക്കുന്ന വൈദ്യുതിയ്ക്ക് അനുപാതികമായി കുറയ്ക്കുന്നതുമായിരിക്കും.

ix. ഐ.ടി പാർക്കുകളിൽ നിന്ന് ദീർഘകാല പാട്ടത്തിന് ഭൂമി ഏറ്റെടുത്ത സംരംഭകർ / ഉപഭോക്താക്കൾ തങ്ങളുടെ കെട്ടിടങ്ങൾ ആരംഭിക്കുന്നതിനും, പൂർത്തിയാക്കുന്നതിനും ആറു മാസം വരെ അധിക സമയം നൽകണമെന്നും ആയതു പ്രകാരം അന്തിമ കാലാവധിക്കും, അതിനു മുകളിലും പിഴ ഈടാക്കുന്നതിനു ഇളവുകൾ അനുവദിക്കണം എന്നിവ സംബന്ധിച്ച അഭ്യർത്ഥനകൾ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ - ഐ.ടി പാർക്ക്സ് (കൺവീനർ), മാനേജിംഗ് ഡയറക്ടർ - കേരള സ്റ്റേറ്റ് ഇൻഫ്രാസ്ട്രക്ച്ചർ ലിമിറ്റഡ് (KSITIL), ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ- കേരള സ്റ്റാർട്ട് അപ്പ് മിഷൻ, ഡയറക്ടർ - കേരള സ്റ്റേറ്റ് ഐ.ടി മിഷൻ എന്നിവരടങ്ങുന്ന ഒരു വിദഗ്ധ സമിതി വിലയിരുത്തുകയും ശുപാർശ ചെയ്യുകയും ചെയ്യുന്നതായിരിക്കും.

76 3. ഇതിന്റെ തുടർച്ചയായി ഐ.ടി പാർക്കുകളുടെ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന 10,000 ച.അടിയിലധികം വിസ്തീർണ്ണമുള്ള കമ്പനികൾ നിലവിലെ പ്രതിസന്ധി മറികടക്കുന്നതിനായി സർക്കാരിന്റെ പിന്തുണ ആവശ്യപ്പെടുകയുണ്ടായി. ഐ.ടി പാർക്കുകൾ, തങ്ങളുടെ അധീനതയിലുള്ള ഐ.ടി/ഐ.ടി.ഇ.എസ് കമ്പനികളിൽ കോവിഡ് 19-ന്റെ സ്വാധീനം അവരുടെ ബിസിനസ്സിനെ എങ്ങനെ ബാധിച്ചു എന്നു വിലയിരുത്താൻ വേണ്ടി ഒരു സർവ്വേയും നടത്തുകയുണ്ടായി. സർക്കാരിന്റെ ഭാഗത്ത്

നിന്നും കൂടുതൽ ആനുകൂല്യങ്ങൾ നല്കണമെന്ന ആവശ്യം ഉയർന്നു വന്നതിന്റെ അടിസ്ഥാനത്തിൽ കമ്പനികളുടെ പ്രതിനിധികളുമായി ബഹു.മുഖ്യമന്ത്രി വീഡിയോ കോൺഫറൻസ് മുഖേന ചർച്ച നടത്തുകയും, ആവശ്യമായ നടപടി സ്വീകരിക്കുന്നതാണെന്ന് ഉറപ്പ് നല്കുകയും ചെയ്തിരുന്നു. അതിൻ പ്രകാരം 27/04/2020-ലെ സർക്കാർ ഉത്തരവ് മുഖേന അനുവദിച്ചിട്ടുള്ള പുനരുജ്ജീവന നടപടികൾക്കു പുറമേ സർക്കാർ ഐ.ടി പാർക്കുകളിൽ പ്രവർത്തിക്കുന്ന ഐ.ടി/ഐ.ടി ഇതര കമ്പനികൾക്ക് ആനുകൂല്യങ്ങൾ നല്കാൻ ഐ.ടി പാർക്ക് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ ശിപാർശ സമർപ്പിക്കുകയുണ്ടായി.

77 4. ഫയൽ ബഹു.മുഖ്യമന്ത്രിയ്ക്ക് ചംക്രമണം ചെയ്തപ്പോൾ, ഇക്കാര്യം മന്ത്രിസഭയുടെ അംഗീകാരത്തിനായി സമർപ്പിക്കുന്നതിന് ഉത്തരവായിട്ടുണ്ട്.

5. മന്ത്രിസഭായോഗത്തിനുള്ള കരട് കുറിപ്പ് അംഗീകാരത്തിനായി സമർപ്പിച്ചപ്പോൾ ധനകാര്യ വകുപ്പിന്റെ അഭിപ്രായം ആരായുവാനും, ആ വകുപ്പിന്റെ ഉപദേശം ഉൾപ്പെടുത്തി മന്ത്രിസഭായോഗത്തിനുള്ള പുതുക്കിയ കരട് കുറിപ്പ് സമർപ്പിക്കുവാൻ ചീഫ് സെക്രട്ടറി ഉത്തരവായി.

78 6. സർക്കാർ ഐ.ടി പാർക്കുകളിൽ പ്രവർത്തിക്കുന്ന കമ്പനികളെ സഹായിക്കുന്നതിനായി 27/04/2020-ലെ സ.ഉ(സാധാ)നം.51/2020/വി.സ.വ നമ്പർ ഉത്തരവ് പ്രകാരം നടത്തിയ പുനരുജ്ജീവന നടപടികൾ മൂലം (സർക്കാർ ഐ.ടി പാർക്കുകൾക്കുണ്ടായ വരുമാന നഷ്ടവും), 10,000 ച.അടിയിൽ കൂടുതലുള്ളതും 25,000 ച.അടി വരെയുള്ള കമ്പനികൾക്ക് നല്കുന്ന വാടക ഇളവ്, ഐ.ടി ഇതര ഷോപ്പുകൾക്കും സ്ഥാപനങ്ങൾക്കും നല്കുന്ന വാടക ഇളവ് മുതലായവ മൂലം 26.84 കോടി രൂപ ധനനഷ്ടം ഐ.ടി പാർക്കുകൾക്ക് ഉണ്ടാകുമെന്ന് സർക്കാർ വിലയിരുത്തിയിട്ടുണ്ട്. ഇപ്രകാരം സാമ്പത്തിക പ്രതിസന്ധി നേരിടുന്ന ഐ.ടി കമ്പനിക്ക് വാടക ഇനത്തിൽ നല്കുന്ന ഇളവുകൾക്ക് ആനുപാതികമായ തുക അനുവദിച്ച് നല്കണമെന്ന് ധനകാര്യ വകുപ്പിനോട് അഭ്യർത്ഥിക്കുകയുണ്ടായി.

79 7. ധനകാര്യ വകുപ്പിന്റെ അഭിപ്രായത്തിനായി ഫയൽ നല്കിയപ്പോൾ ആ വകുപ്പ് താഴെപ്പറയും പ്രകാരം അഭിപ്രായപ്പെട്ടു.

> *"1. On the proposal to allot an amount of Rs.26.84 crore to IT Parks, Administrative Department was requested to clarify whether IT parks have the resource base to absorb the rent waive itself and also to furnish the datas for financial losses that have occurred to IT/Non IT firm have taken space on lease in Technopark. Administrative Department has not clarified this.*
>
> *2. Finance agrees to the proposal of Administrative Department to a rent waiver for the shops and establishments upto December 2020, on the condition that no budgetary support in lieu of this will be given."*

൮൦ 8. സർക്കാർ ധനസഹായം കൂടാതെ വാടക എഴുതി തള്ളുന്ന പ്രൊപ്പോസലിന്മേൽ ധനകാര്യ വകുപ്പ് അംഗീകാരം നല്കിയിട്ടുണ്ട്. കോവിഡ്-19 പ്രതിസന്ധിമൂലമുള്ള ആവശ്യമായ പരിഹാര നടപടികൾ കൈകൊള്ളാമെന്ന് ഉറപ്പ് നൽകിയ സാഹചര്യത്തിൽ സർക്കാരിന് ഈ തീരുമാനത്തിൽ നിന്ന് പിന്നോട്ട് പോകാൻ സാധിക്കുകയില്ല. നിലവിലുള്ള പ്രതിസന്ധി മറികടക്കുന്നതിന് ചെറുകിട/ വളർന്നു വരുന്ന കമ്പനികളെയും സഹായിക്കുന്നത് അനിവാര്യമാണ്. ആകയാൽ പുനരുജ്ജീവന പ്രവർത്തനങ്ങൾ മൂലമുള്ള ധനനഷ്ടം ടെക്നോപാർക്കിന്റെ ഫണ്ടിൽ നിന്നും ക്രമീകരിക്കാവുന്നതാണ്.

9. ബഹു.മുഖ്യമന്ത്രിയുടെ ഉത്തരവിൻ പ്രകാരം ഈ വിഷയം മന്ത്രിസഭാ മുമ്പാകെ സമർപ്പിക്കാവുന്നതാണ്.

## തീരുമാനിക്കേണ്ട കാര്യങ്ങൾ

1. കോവിഡ് 19-ന്റെ ഭാഗമായി വന്നിട്ടുള്ള സാമ്പത്തിക പ്രതിസന്ധി മറികടക്കുന്നതിനായി സർക്കാർ ഐ.ടി പാർക്കുകളിൽ പ്രവർത്തിക്കുന്ന കമ്പനികളെയും ഇതരസ്ഥാപനങ്ങളെയും സഹായിക്കുന്നതിനായി 27/04/2020-ലെ സ.ഉ(സാധാ)നം.51/2020/ഐ.ടി.ഡി നമ്പർ ഉത്തരവ് പ്രകാരം (പകർപ്പ്

ഉള്ളടക്കം ചെയ്യുന്നു) സർക്കാർ പുറപ്പെടുവിച്ച പുനരുജ്ജീവന നടപടികൾ സാധൂകരിക്കാമോ?

2. ഐ.ടി പാർക്കുകളിലെ സർക്കാർ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങളിൽ നിന്ന് പ്രവർത്തിക്കുന്നതും 25,000 ച.അടി വരെ വിസ്തീർണ്ണമുള്ളതുമായ എല്ലാ ഐ.ടി/ഐ.ടി.ഇ.എസ് കമ്പനികൾക്കും 2020 ഏപ്രിൽ, മെയ്, ജൂൺ മാസങ്ങളിലെ വാടക 10,000 ച.അടി വരെ ഒഴിവാക്കാവുന്നതാണോ? കൂടാതെ ബാക്കി സ്ഥലത്തുള്ള വാടകയ്ക്ക് അനുസൃതമായി 27/04/2020-ലെ സ.ഉ(സാധാ)നം.51/2020/ഐ.ടി.ഡി പ്രകാരം അനുവദിച്ചിട്ടുള്ള മൊറട്ടോറിയം ബാധകമാക്കാവുന്നതാണോ? ഇതിനകം വാടക അടച്ചിട്ടുണ്ടെങ്കിൽ, ആയത് 2020-21 കാലയളവിലെ തുടർന്നുള്ള മാസങ്ങളിൽ ക്രമീകരിക്കാൻ അനുവദിക്കാവുന്നതാണോ?

3. 10,000 ച.അടി വരെയുള്ള സ്ഥലത്ത് സർക്കാർ ഐ.ടി പാർക്കുകളിലെ സർക്കാർ കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന എല്ലാ ഐ.ടി ഇതര ഷോപ്പുകളും, സ്ഥാപനങ്ങളും ഉൾപ്പെടെ ഉള്ളവയ്ക്ക് ജൂലൈ മുതൽ ഡിസംബർ 2020 വരെയുള്ള വാടക എഴുതി തള്ളാമോ?

4. പുനരുജ്ജീവന പ്രവർത്തനങ്ങൾക്കുള്ള സാമ്പത്തിക ബാദ്ധ്യത ടെക്നോപാർക്കിന്റെ ഫണ്ടിൽ നിന്നും ക്രമീകരിക്കാവുന്നതാണോ?.

File No.IT-A1/45/2020-ITD

# GOVERNMENT OF KERALA

## Abstract

Electronics & Information Technology Department - Resurgent measures to tide over economic crisis faced by IT/TeS companies/establishments in Government IT Parks due to the outbreak of COVID-19 pandemic - Orders issued.

**ELECTRONICS & INFORMATION TECHNOLOGY (A) DEPARTMENT**

**G.O.(Rt)No.51/2020/ITD** Dated,Thiruvananthapuram, 27/04/2020

Read 1. Representation dated 03.04.2020 received from the Chairman, Group of Technology Companies (GTech), Technopark, Thiruvananthapuram.

2. Note dated 04.04.2020 received from the Chief Executive Officer, IT Parks, Kerala.

## ORDER

The Chief Executive Officer, Government IT Parks, Kerala, on the basis of the representation submitted by the Chairman, Group of Technologies (GTech), have submitted proposal seeking support to the IT/ITeS Companies/establishments operating from the buildings owned by Government IT Parks, to tide over the economic crisis faced by them due to the outbreak of the pandemic Covid-19 and lockdown declared subsequently.

2. Government have examined the matter in detail and considering the tough economic situation faced by the IT/ITeS companies/ incubators/establishments operating from the buildings owned by Government IT Parks, are pleased to take the following resurgence measures;

1. Rent is waived for the months of April, May & June 2020 for all

IT/ITeS companies who have taken upto 10,000 sq.ft of IT space on rental.

2. Rent is waived for the months of April, May & June 2020 for the Incubation Centers operating from the IT Parks, irrespective of the area occupied.

3. IT/ITeS companies who have taken more than 10,000 sq.ft of IT space are offered moratorium on rent for three months (i.e., rent for April, May and June 2020 will be paid by July, Aug and September 2020 respectively without penalty/surcharge).

4. For all non IT shops/ establishments (restaurants etc) functioning within Government IT Parks who operate out of Government buildings, rent is waived for three months i.e., April, May & June 2020.

5. Annual rent escalation of 5% in IT/non IT office space/shops/ establishments in Government owned buildings within IT parks will not be implemented during the Financial Year 2020-21, ie, the same rate card as in Financial Year 2019-20 will hold for 2020-21 also.

6. Surcharge on rental is waived across all categories for six months i.e., from April to September 2020.

7. As a special scheme, IT/ ITeS companies who start operation on or before 31st March 2021 at any of the Government IT Parks may avail rent waiver for the first three months on operation commencement.

3. As the power consumption will be reduced to a considerable low due to the non functioning of the companies in IT Parks during the lock down period the benefit of reduction in electricity bill will be extended to the end user. The Chief Executive Officer, IT Parks, Kerala is entrusted to look into the matter of subsidizing the electricity tariff and the electricity charge to be re-assessed for the month of April, May and June 2020 and will be

reduced proportional to the electricity consumed by each company/Institution in IT Parks.

4. The requests of Tenants/ Clients who have taken land on long term lease from the IT Parks to be given upto six months of additional time for commencement / completion of buildings, over and above the deadline as per agreement and concessions on penalty in this regard, will be evaluated and recommended by an Expert Committee comprising of the Chief Executive Officer, IT Parks Kerala (Convenor), Managing Director, Kerala State IT Infrastructure Ltd (KSITIL), Chief Executive Officer, Kerala StartUp Mission (KSUM) and Director, Kerala State IT Mission.

(By order of the Governor)
**M. SIVASANKAR**
**PRINCIPAL SECRETARY**

To:

The Chief Executive Officer, IT Parks, Kerala.
The Chairman, GTECH, Nila Building, Technopark.
The Accountant General (A&E/Audit), Kerala.
The Director, Kerala State IT Mission, Thiruvananthapuram.
The Managing Director, KSITIL, Thiruvananthapuram.
The Managing Director, KSUM, Thiruvananthapuram.
Information & Public Relations Department
Stock File/Office Copy.

Forwarded /By order
Validity unknown
Digitally signed by MANESH MOHAN
Date: 2020.04.27 16:19:21 IST
Reason: Approved
Section Officer